2026
MARCH
24
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കേരള നിയമസഭാ തിരഞ്ഞെടുപ്പ്:

# പോളിങ് 85 ശതമാനം മറികടക്കുക ലക്ഷ്യം : മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്കർ

**തിരുവനന്തപുരം:** കേരള നിയമസഭാ തിരഞ്ഞെടുപ്പിലെ പോളിങ് 85 ശതമാനം മറികടക്കാനാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ലക്ഷ്യമിടുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ. 2026ലെ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ മാധ്യമപ്രവർത്തകർക്കായി തയ്യാറാക്കിയ 'വോട്ടറിവ് - കേരള നിയമസഭാ തിരഞ്ഞെടുപ്പ് നാൾവഴികൾ' പുസ്തകം പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കൃത്യമായ വിവരങ്ങളും കേരള നിയമസഭാ തിരഞ്ഞെടുപ്പ് ചരിത്രവും ഉൾപ്പെടുന്ന പുസ്തകം മാധ്യമപ്രവർത്തകർക്ക് വളരെയധികം ഉപയോഗപ്രദമാകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പോസിറ്റീവ് വാർത്തകൾ ജനങ്ങളിലേക്ക് എത്തിക്കാൻ മാധ്യമപ്രവർത്തകർ ശ്രമിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി. തിരുവനന്തപുരത്തെ സ്വകാര്യ ഹോട്ടലിൽ നടന്ന ചടങ്ങിൽ പി.ഐ. ബി കേരള ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി അധ്യക്ഷത വഹിച്ചു. പി. ഐ. ബി പുറത്തിറക്കുന്ന തിരഞ്ഞെടുപ്പ് പുസ്തകം മാധ്യമപ്രവർത്തകർക്ക് ഏറെ സഹായകരമാകുമെന്ന് വി. പളനിച്ചാമി പറഞ്ഞു. ഡെപ്യൂട്ടി ഡയറക്ടർ ഡോ. ആതിര തമ്പി, ഇൻഫർമേഷൻ അസിസ്റ്റന്റ് കെ. ശ്രീഷ്മ തുടങ്ങിയവർ സംസാരിച്ചു. കേരള നിയമസഭാ തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ഒരു ലഘു റഫറൻസ് ഗ്രന്ഥമായി വിഭാവനം ചെയ്തിട്ടുള്ള പുസ്തകത്തിൽ 1957 മുതലുള്ള കേരള നിയമസഭാ തിരഞ്ഞെടുപ്പുകളുടെ ചരിത്രവും 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിലെ മണ്ഡലം തിരിച്ചുള്ള പ്രധാന വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പുസ്തകത്തിന്റെ ഡിജിറ്റൽ പതിപ്പ് പ്രസ് ഇൻഫർമേഷൻ ബ്യൂറോ വെബ്സൈറ്റിൽ ലഭ്യമാണ്.



# എറണാകുളം ജില്ലയിൽ 25,03,842 വോട്ടർമാർ

## * കൂടുതൽ സ്ത്രീ വോട്ടർമാർ

**കൊച്ചി:** വോട്ടർപട്ടികയിൽ പേരു ചേർക്കാനുള്ള സമയപരിധി തീർന്നതിനുശേഷമുള്ള കണക്കുപ്രകാരം ജില്ലയിലെ ആകെ 25,03,842 വോട്ടർമാർ ഉള്ളതെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ ജി. പ്രിയങ്ക വാർത്താസമ്മേളനത്തിൽ അറിയിച്ചു. തിരഞ്ഞെടുപ്പ് വിഭാഗത്തിന്റെ സ്വീപ്പ് ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി വോട്ടർമാരുടെ സംഖ്യ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അവർ പറഞ്ഞു.

പുരുഷന്മാർ: 12,18,707, സ്ത്രീകൾ: 12,85,108, ട്രാൻസ്ജെൻഡർ: 27 എന്നിങ്ങനെയാണ് കണക്ക്. തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി 33,406 ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്. 4416 പ്രിസൈഡിംഗ് ഓഫീസർമാർ, 4416 ഫസ്റ്റ് പോളിംഗ് ഓഫീസർമാർ, 8832 സെക്കൻഡ്/തേർഡ് ഓഫീസർമാർ എന്നിങ്ങനെയാണ് നിയമനം. ഇവർക്കുള്ള ആദ്യഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. ഇവർക്കുള്ള പരിശീലനം മാർച്ച് 24 മുതൽ 28 വരെ വിവിധ മണ്ഡലങ്ങളിൽ വികേന്ദ്രീകൃതമായ രീതിയിൽ നടക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ജില്ലയിൽ ആകെ 3148 പോളിംഗ് സ്റ്റേഷനുകളാണുള്ളത്.

ഇവയുടെ സുരക്ഷ ഉറപ്പാക്കാൻ എല്ലാ ബൂത്തുകളിലും വെബ്കാസ്റ്റിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾ നിയന്ത്രിക്കുന്ന 14 ബൂത്തുകളും, 70 മോഡൽ പോളിംഗ് സ്റ്റേഷനുകളും, ഭിന്നശേഷിക്കാർ നിയന്ത്രിക്കുന്ന 2 ബൂത്തുകളും ജില്ലയിൽ സജ്ജീകരിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പ് നിരീക്ഷകർ എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിലാണ് താമസം. രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും പൊതുജനങ്ങൾക്കും രാവിലെ 10 മുതൽ 11 മണി വരെ അവരുമായി കൂടിക്കാഴ്ച നടത്താം. നിരീക്ഷകരുടെ ഫോൺ നമ്പറുകൾ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനം കണ്ടെത്താനുള്ള സി-വിജിൽ ആപ്പ് വഴി ഇതുവരെ ലഭിച്ച 1310 പരാതികളും പരിഹരിച്ചു. പരാതികൾ പരിഹരിക്കാൻ ശരാശരി 9 മിനിറ്റ് 34 സെക്കൻഡ് മാത്രമാണ് എടുത്തത്. പരിശോധനകൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ഫ്ളൈയിംഗ് സ്ക്വാഡുകളുടെയും സ്റ്റാറ്റിക് സർവൈലൻസ് ടീമുകളുടെയും എണ്ണം 126 ആയി വർദ്ധിപ്പിക്കുമെന്നും കളക്ടർ അറിയിച്ചു. ജില്ലയിലെ വിവിധ എൻഫോഴ്സ്മെന്റ് ഏജൻസികളുടെ പ്രതിനിധികൾ കേന്ദ്ര ഇലക്ഷൻ കമ്മീഷൻ നിയമിച്ച തിരഞ്ഞെടുപ്പ് നിരീക്ഷകരുമായി ചർച്ച നടത്തി.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ആർ ബി ഐ, ഇൻകം ടാക്സ്, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടെ 26 എൻഫോഴ്സ്മെന്റ് ഏജൻസികളുടെ പ്രതിനിധികൾ പങ്കെടുത്തു. നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിൽ ആന്റി ഡീഫേസ്മെന്റ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ഇതുവരെ നീക്കം ചെയ്തത് 7614 പ്രചാരണ ബോർഡുകൾ. ഇതിൽ ഇന്നലെ 1611 പ്രചാരണ ബോർഡുകൾ നീക്കം ചെയ്തു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ 938 പോസ്റ്ററുകൾ, 494 ബാനറുകൾ, 176 മറ്റ് പ്രചാരണ ബോർഡുകൾ എന്നിവയാണ് ഇന്ന് നീക്കം ചെയ്തത്.

നിഷ്പക്ഷവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ജില്ലാതല ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധ നടത്തി. നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് സംശയങ്ങളും പരാതികളും അറിയിക്കാനായി ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം ഹെൽപ്പ്ലൈൻ ആരംഭിച്ചു. ഹെൽപ്പ് ലൈൻ ഫോൺ നമ്പർ: -04842991186. പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ പൊതുജനങ്ങൾക്ക് സി-വിജിൽ (cVIGIL) ആപ്പ് വഴിയോ mccernakulam2026@gmail.com ഇ-മെയിൽ വിലാസത്തിലോ അയക്കാം. ചട്ടലംഘനങ്ങളുടെ ചിത്രങ്ങളോ വീഡിയോകളോ ആണ് തത്സമയം അയക്കാവുന്നതാണ്.

# കയറ്റുമതിക്കാരുടെ കേന്ദ്ര സഹായത്തെ ഇൻമെക്ക് സ്വാഗതം ചെയ്തു

**കൊച്ചി:** ഇന്ത്യാ ഗവൺമെന്റ് അടുത്തിടെ പ്രഖ്യാപിച്ച 497 കോടി രൂപയുടെ കയറ്റുമതി സഹായ പദ്ധതിയെ ഇന്തോ ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്ക്) ചെയർമാൻ ഡോ. എൻ എം ഷറഫുദീൻ സ്വാഗതം ചെയ്തു.

പശ്ചിമേഷ്യൻ വ്യാപാര റൂട്ടുകളിലെ തടസങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന ഇന്ത്യൻ കയറ്റുമതിക്കാരെ പിന്തുണയ്ക്കുന്നതിനുള്ള സമയോചിതവും സുപ്രധാനവുമായ നടപടിയാണിതെന്ന് ഇൻമെക്ക് വിശേഷിപ്പിച്ചു. ഈ നടപടി കയറ്റുമതിക്കാർക്ക് ആത്മവിശ്വാസം ശക്തിപ്പെടുത്തുകയും കയറ്റുമതിയിൽ തുടർച്ച ഉറപ്പാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. അതേസമയം, എംഎസ്എംഇ നിർമ്മാതാക്കളിൽ നിന്നും കയറ്റുമതിക്കാരിൽ നിന്നും പ്രത്യേകിച്ച് ഭക്ഷ്യ മേഖലയിൽ, സാധനങ്ങളുടെ സുഗമമായ നീക്കം ഉറപ്പു വരുത്തുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കണമെന്ന് ഇൻമെക്ക് സർക്കാരിനോട് അഭ്യർത്ഥിച്ചു.

ജി സി സി രാജ്യങ്ങളിലുടനീളമുള്ള ഇന്ത്യൻ പ്രവാസികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അവശ്യ ഭക്ഷ്യവസ്തുക്കളുടെ തടസമില്ലാത്ത വിതരണം ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം ചേംബർ ഊന്നിപ്പറഞ്ഞു. നിലവിലെ ആഗോള സാഹചര്യത്തിൽ ലോജിസ്റ്റിക്സ് കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പിന്തുണാ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഇൻമെക്ക് ചെയർമാൻ പ്രത്യാശ പ്രകടിപ്പിച്ചു.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **ചാവറ കൾച്ചറൽ സെന്റർ :** കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ കൊച്ചി തീയേറ്റർ ഫെസ്റ്റിവൽ 2026 പി ജെ ആന്റണി ജന്മശതാബ്ദിയുടെ ഭാഗമായി പി ജെ ആന്റണി എഡിഷൻ നാടകോത്സവം ചാവറ കൾച്ചറൽ സെന്ററിൽ സംഘടിപ്പിക്കും. പകൽ രണ്ടിന് ഓൺ-സ്ക്രീൻ പ്രദർശനവും വൈകിട്ട് 6.30ന് വിവിധ നാടകങ്ങളും അരങ്ങേറും. ത്രോൺ ഓഫ് ബ്ലഡ്, പഞ്ചമി തിയറ്റേഴ്സിന്റെ പൊറാട്ട് തുടങ്ങിയവ പ്രദർശിപ്പിക്കും.

■ **രവിപുരം ശ്രീകൃഷ്ണക്ഷേത്രം :** ഉത്സവം – രാത്രി 8ന് ത്രയമ്പകം ഭജൻസിന്റെ രാഗധാര.

■ **എറണാകുളം ടിഡിഎം ഹാൾ :** ബാങ്ക് ജീവനക്കാരുടെ സാംസ്കാരികസംഘടനായ ബീമിന്റെ പ്രതിമാസപരിപാടിയുടെ ഭാഗമായി എസ് കൃതിഖയുടെ സംഗീതക്കച്ചേരി.

■ **സ്വാമി ശാശ്വതികാനന്ദ കോളേജ് :** മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വാമി ശാശ്വതികാനന്ദ കോളേജ്, പൂത്തോട്ടയിൽ സൗത്ത് സോൺ വനിത ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പ് ഉച്ചകഴിഞ്ഞ് 3ന്.

## പറവൂർ

■ **പറവൂർ സെൻട്രൽ ഓഡിറ്റോറിയം :** പറവൂർ യു.ഡി.എഫ് സ്ഥാനാർഥി അഡ്വ. വീഡി സതീശന്റെ തിരഞ്ഞെടുപ്പ് കൺവെൻഷൻ വൈകുന്നേരം 4.30ന്.

## അങ്കമാലി

■ **തുറവൂർ കുമരക്കുളം ശ്രീസുബ്രഹ്മണ്യസ്വാമി ക്ഷേത്രം :** ഷഷ്ഠി മഹോത്സവം രാവിലെ 5.30 മുതൽ. ഉച്ചയ്ക്ക് 12ന് പ്രസാദ് ഊട്ട്.

## കോതമംഗലം

■ **തൃക്കാരിയൂർ മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ.

■ **മാരമംഗലം ഏണിയേക്കാവ് ക്ഷേത്രം :** മീന കാർത്തിക രോഹിണി ഉത്സവം രാവിലെ 6 മുതൽ.

■ **കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ :** വാർഷിക ധ്യാനം വൈകിട്ട് 4 മണി മുതൽ.

## നർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ കൺട്രോൾ റൂം ആരംഭിച്ചു

**കൊച്ചി:** കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന നർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയുടെ കൊച്ചി മേഖല ഓഫീസിൽ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച്, ലഹരിമരുന്ന് കടത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുന്നതിനായി പ്രത്യേക കൺട്രോൾ റൂം രൂപീകരിച്ചു. നിയമസഭാ തിരഞ്ഞെടുപ്പ് ദിനം വരെ 24 മണിക്കൂറും ഈ പ്രത്യേക ലാൻഡ് ലൈൻ പ്രവർത്തിക്കും. മയക്കുമരുന്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറാൻ ആഗ്രഹിക്കുന്നവർക്ക് ഈ നമ്പറിൽ ബന്ധപ്പെടാം – 0484-2425321.

# ഇന്ദിര ക്യാന്റീൻ പാവപ്പെട്ടവർക്ക് അനുഗ്രഹമായി മാറണം: രമേശ് ചെന്നിത്തല



*രമേശ് ചെന്നിത്തല ഇന്ദിര ക്യാന്റീൻ സന്ദർശിച്ച് പ്രഭാതഭക്ഷണം കഴിക്കുന്നു. മേയർ വി കെ മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയ് തുടങ്ങിയവർ സമീപം.*

കൊച്ചി: കൊച്ചി നഗരസഭ ഇടപ്പള്ളി മേഖല ഓഫിസിൽ ആരംഭിച്ച ഇന്ദിര ക്യാന്റീൻ സന്ദർശിച്ച് പ്രഭാതഭക്ഷണം രുചിച്ച് കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല. കൊച്ചി നഗരസഭയുടെ നേട്ടങ്ങളിൽ മറ്റൊരു പൊൻതൂവലാണ് ഇന്ദിര ക്യാന്റീനെന്ന് അദ്ദേഹം പറഞ്ഞു. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ഇത് അനുഗ്രഹമായി മാറണം. ഈ പദ്ധതി വ്യാപിപ്പിക്കണമെന്ന് മേയറോടും ഡെപ്യൂട്ടി മേയറോടും അദ്ദേഹം പറഞ്ഞു. നഗരത്തിലേക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിക്കണമെന്ന് ചെന്നിത്തല നിർദേശിച്ചു. പത്ത് രൂപയ്ക്ക് രുചികരമായ 3 ഇഡലിയും സാമ്പാറും ചമ്മന്തിയും നൽകുന്നത് നിസാര കാര്യമല്ലെന്നും അദ്ദേഹം പറഞ്ഞു.ഇന്ദിര ക്യാന്റീനിലെത്തിയ രമേശ് ചെന്നിത്തലയെ മേയർ വി കെ മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയ് എന്നിവർ ചേർന്ന് സ്വീകരിച്ചു. ഹൈബി ഈഡൻ എം പി, ജോസഫ് വാഴക്കൻ എന്നിവരും ചെന്നിത്തലയ്ക്കൊപ്പമുണ്ടായിരുന്നു. തൃപ്പൂണിത്തുറ നിയോജകമണ്ഡലം യുഡിഎഫ് സ്ഥാനാർഥി ദീപക് ജോയ്ക്ക് വിജയാശംസകളും നേർന്നാണ് ചെന്നിത്തല മടങ്ങിയത്.

# വയോജനോത്സവം നടത്തി




**അങ്കമാലി:** സിനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ തുറവൂർ പഞ്ചായത്ത് കമ്മിറ്റി നടത്തിയ വയോജനോത്സവം മാരിയമ്മൻ ക്ഷേത്രം ഹാളിൽ സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയും സംസ്ഥാന വയോജന കമ്മീഷൻ അംഗവുമായ അമരവിള രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കിടങ്ങൂർ ഹെൽത്ത് കെയർ ലബോറട്ടറിയുടെ നേതൃത്വത്തിൽ നടത്തിയ ആരോഗ്യ ക്യാമ്പ് വാർഡ് മെമ്പർ രജനി ബൈജു ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് കമ്മിറ്റി പ്രിസിഡന്റ് പി.എൻ. ചെല്ലപ്പൻ അധ്യക്ഷത വഹിച്ചു. സി.എ കരസ്ഥമാക്കിയ ശാലിനി ഷിബു, കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ ജോർജ്കുട്ടി ജേക്കബ് എന്നിവരെ സിനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ അങ്കമാലി മേഖല പ്രിസിഡന്റ് എം.വി മോഹനൻ അവാർഡുകൾ സമ്മാനിച്ചു. വയോജന പ്രതിഭകളായ എ.വി ധനഞ്ജയൻ ഭട്ടതിരിപ്പാട്, കെ.ഒ കുഞ്ഞ് വറിത്, എ.പി ശശീന്ദ്രൻ എന്നിവരെ മേഖല സെക്രട്ടറി സി.എൻ മോഹനൻ, വി.ടി സ്മാരക ട്രസ്റ്റ് സെക്രട്ടറി കെ.എൻ വിഷ്ണു മാസ്റ്റർ എന്നിവർ ചേർന്ന് ആദരിച്ചു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ അസോസിയേഷൻ എറണാകുളം ജില്ല സെക്രട്ടറി പി. വി. സുബാഷ് അനുമോദിച്ചു.

# കൊച്ചി തീയേറ്റർ ഫെസ്റ്റിവൽ 2026: തീവിയുടെ ചരിത്രവുമായി കൂ ഹൂ ആൻ ആന്തോളജി ഓൺ റെയിൽസ് അരങ്ങേറി



**കൊച്ചി:** ചാവറ കൾച്ചറൽ സെന്ററിൽ നടക്കുന്ന കൊച്ചി തീയറ്റർ ഫെസ്റ്റിവലിന്റെ ആദ്യ പതിപ്പിന്റെ രണ്ടാം ദിനത്തിൽ അരുൺലാൽ രചനയും സംവിധാനവും നിർവ്വഹിച്ച 'കൂ - ഹൂ - ആൻ ആന്തോളജി ഓൺ റെയിൽസ്' അരങ്ങേറി. തീവണ്ടി സ്റ്റേഷനുകളുടെ പശ്ചാത്തലത്തിൽ വാഗൺ ട്രാജഡി മുതൽ പഥേർ പാഞ്ചാലി വരെയും വിഭജനം മുതൽ ഗോധ്ര വരെയുള്ള ചരിത്രസംഭവങ്ങളെ കോർത്തിണക്കിയാണ് ഈ യാത്ര സമാധാനത്തിന്റെ പ്രതീക്ഷയിലേക്ക് നീങ്ങിയത്. പിയർ പൗലോ പസോളിനി യൂറിപ്പിഡിസിന്റെ ദുരന്തം അടിസ്ഥാനമാക്കി സംവിധാനം ചെയ്ത 'മീഡിയ' എന്ന ക്ലാസിക് ചലച്ചിത്രത്തിന്റെ സ്ക്രീനിംഗോടെയാണ് രണ്ടാം ദിന പരിപാടികൾ ആരംഭിച്ചത്.

തുടർന്ന് തീയറ്റർ മേക്കിംഗ് എന്ന വിഷയത്തിൽ പത്മശ്രീ ഡോ. നീലം മാൻസിങ് ചൗധരിയും സ്കൂൾ ഓഫ് ഡ്രാമാ ഡയറക്ടർ ഡോ. അഭിലാഷ് പിള്ളയും തമ്മിലുള്ള സംഭാഷണം നടന്നു. 15 തവണ മികച്ച രംഗശില്പത്തിനുള്ള സംസ്ഥാന അവാർഡ് നേടിയ ആർട്ടിസ്റ്റ് സുജാതനെ ആദരിച്ചു. പുരോഗമന കലാ സാഹിത്യ സംഘം സെക്രട്ടറി രവിത ഹരിദാസ് പൊന്നാടയണിയിച്ചു.

തന്റെ നാടകത്തിൽ നടീനടന്മാരെ പങ്കാളികളായാണ് കാണുന്നതെന്ന് നീലം മാൻസിങ് ചൗധരി പറഞ്ഞു. മനോധർമനുസരിച്ചുള്ള അവരുടെ ഇംപ്രൊവൈസേഷൻ തന്റെ നാടകങ്ങളിൽ ഇതിവൃത്തംപോലെ തന്നെ പ്രധാനമാണെന്നും അവർ പറഞ്ഞു. തീയറ്ററിൽ വലിപ്പച്ചെറുപ്പം ഇല്ലാതാകണം. സംവിധാനം ചെയ്യുന്ന ആൾ നടീനടന്മാരെ ഒന്നും അടിച്ചേൽപ്പിക്കേണ്ടതില്ല. അവരുടേതായ സംഭാവനകളാണ് പ്രധാനം.

ഫെസ്റ്റിവലിൽ ഇന്നലെ 2 മണിക്ക് ടാഗോർ കൃതിക്ക് ഋതുപർണോ ഘോഷ് ചമച്ച ആധുനിക ചലച്ചിത്രഭാഷ്യമായ 'ചിത്രാംഗദയുടെ സ്ക്രീനിംഗ്, 4 മണിക്ക് ലിംഗ, ജാതി നിശബ്ദതകൾ എന്ന വിഷയത്തിൽ ഡോ. സജിത മഠത്തിലിന്റെ പ്രഭാഷണവും. 6-15ന് രംഗചേതനയുടെ സംഘാടകൻ ഇ.ടി. വർഗ്ഗീസിനെ ആദരിക്കുകയും ചെയ്തു. 6-30ന് ബംഗളൂരു ആസ്ഥാനമായ ഭാഗവതരു അവതരിപ്പിക്കുന്ന മഹായുഗ എന്ന നാടകത്തിന്റെ അവതരണം. കെ എസ് റാണഗൗഡയും കെ എൻ ത്യാഗരാജും ചേർന്ന് മഹാഭാരതം അടിസ്ഥാനമാക്കി എഴുതിയ നാടകമാണ് മഹായുഗ.

# ബാബു ദിവാകരൻ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു

**കുന്നത്തുനാട്:** കുന്നത്തുനാട് നിയോജകമണ്ഡലം ട്വന്റി20-എൻ.ഡി.എ സ്ഥാനാർത്ഥി ബാബു ദിവാകരൻ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. പെരുമ്പാവൂർ താലൂക്ക് ഓഫീസിലെത്തി തഹസീൽദാറും കുന്നത്തുനാട് അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫിസറുമായ ശ്രീനിവാസൻ മുമ്പാകെയാണ് ഇന്നലെ രാവിലെ 11.20ന് പത്രിക സമർപ്പിച്ചത്. രണ്ട് സെറ്റ് നാമനിർദ്ദേശ പത്രികയാണ് സമർപ്പിച്ചിരിക്കുന്നത്. എൻഡിഎ ജില്ല വൈസ് പ്രസിഡന്റ് മാരായ സി.എം മോഹനൻ, പ്രസന്ന വാസുദേവൻ, സ്റ്റേറ്റ് കൗൺസിൽ അംഗം ചന്ദ്രമോഹനൻ, എൻഡിഎ കുന്നത്തുനാട് നിയോജകമണ്ഡലം തിരഞ്ഞെടുപ്പ് കമ്മിറ്റി കൺവീനർ വി. എൻ വിജയൻ, മണ്ഡലം പ്രസിഡന്റ് മാരായ കെ. ആർ അരുൺ കുമാർ, കെ. എസ് അഭിലാഷ് , മഹിളാമോർച്ച ജില്ല പ്രസിഡന്റ് അഡ്വ. ശ്രീജ ലാൽജി, ട്വന്റി20 കുന്നത്തുനാട് നിയോജകമണ്ഡലം വൈസ് പ്രസിഡന്റ് ദീപക് രാജൻ, സെക്രട്ടറി ജിന്റോ ജോർജ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ജോബി വർഗീസ്, ജോളി, ജോർജ്, വി.സി മിനി, ബി.ഡി.ജെ.എസ് മണ്ഡലം പ്രസിഡന്റ് സുധി കൃഷ്ണ, ജില്ല കമ്മിറ്റിയംഗം കെ. കെ മോഹനൻ തുടങ്ങിയവരും സ്ഥാനാർത്ഥിയ്ക്കൊപ്പമുണ്ടായിരുന്നു.



*കുന്നത്തുനാട് നിയോജകമണ്ഡലം ട്വന്റി20-എൻ.ഡി.എ സ്ഥാനാർത്ഥി ബാബു ദിവാകരൻ പെരുമ്പാവൂർ താലൂക്ക് ഓഫീസിലെത്തി തഹസീൽദാറും കുന്നത്തുനാട് അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫിസറുമായ ശ്രീനിവാസൻ മുമ്പാകെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നു.*

# വോട്ടിങ് കേന്ദ്രങ്ങളിൽ ഇനി ഹരിത വിപ്ലവം; മൊബൈൽ സൂക്ഷിക്കാൻ പഴയ തുണികൾ കൊണ്ട് പൗച്ചുകൾ

**കൊച്ചി:** തിരഞ്ഞെടുപ്പ് വരാനിരിക്കെ വേറിട്ട ഹരിത മാതൃകയുമായി എറണാകുളം ജില്ലാ ഭരണകൂടം. വീടുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന തുണികൾ ശേഖരിച്ച് പോളിങ് ബൂത്തുകളിൽ മൊബൈൽ ഫോണുകൾ സൂക്ഷിക്കാനുള്ള 'ഹരിത മൊബൈൽ കീപ്പിംഗ് പൗച്ച്' ആക്കി മാറ്റുന്ന പദ്ധതിക്ക് ഇന്ന് തുടക്കം കുറിക്കും. ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ എന്നിവയുമായി സഹകരിച്ചാണ് ഈ പുതിയ ഉദ്യമം നടപ്പാക്കുന്നത്. വോട്ടർമാർക്ക് ബൂത്തിനകത്തേക്ക് മൊബൈൽ ഫോൺ കൊണ്ടുപോകാൻ അനുവാദമില്ലാത്ത സാഹചര്യത്തിൽ, ഫോണുകൾ സുരക്ഷിതമായി സൂക്ഷിക്കാൻ പ്ലാസ്റ്റിക് കവറുകൾക്ക് പകരം പഴയ തുണികൾ പുനരുപയോഗിച്ച് 'ഹരിത മൊബൈൽ ഫോൺ കീപ്പിങ് പൗച്ചുകൾ' നിർമ്മിക്കുകയാണ് ലക്ഷ്യം. കേരളത്തിലെ എല്ലാ തിരഞ്ഞെടുപ്പുകളും ഹരിത ചട്ടങ്ങൾ പാലിച്ചാണ് നടക്കുന്നത്. ഇത്തവണ പരിസ്ഥിതി സൗഹാർദ മൊബൈൽ കീപ്പിങ് പൗച്ചുകൾ കൂടാതെ തിരഞ്ഞെടുപ്പിന് ശേഷം അവശേഷിക്കുന്ന മാലിന്യങ്ങളിൽ നിന്ന് വിവിധ രീതിയിലുള്ള സ്മരണികകൾ നിർമ്മിക്കാനും ലക്ഷ്യമിടുന്നതായി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ ജി. പ്രിയങ്ക പറഞ്ഞു. 'വാർഡ്രോബിൽ ഐഡിൽ, പോളിങ് ബൂത്തിൽ വൈറൽ' എന്നതാണ് പദ്ധതിയുടെ ടാഗ്‌ലൈൻ. തിരഞ്ഞെടുപ്പിന് ശേഷം അവശേഷിക്കുന്ന പേപ്പർ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ ഉപയോഗിച്ച് പെൻ സ്റ്റാൻഡ്, പേപ്പർ വെയ്റ്റ്, പേപ്പർ റാന്തലുകൾ എന്നിവ നിർമ്മിക്കാനും പദ്ധതിയുണ്ട്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശപ്രകാരം വോട്ടർമാർക്ക് മികച്ച സൗകര്യം ഒരുക്കുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശം കൂടി നൽകാനാണ് ഈ ഉദ്യമത്തിലൂടെ ജില്ലാ ഭരണകൂടം ശ്രമിക്കുന്നത്.

ഇതിന്റെ ഭാഗമായി എറണാകുളം സിവിൽ സ്റ്റേഷനിൽ ഇന്ന് മുതൽ വ്യാഴാഴ്ച്ച വരെ പഴയ തുണികൾ ശേഖരിക്കും. പഴയ വസ്ത്രങ്ങൾ, സാരികൾ, ബെഡ്ഷീറ്റുകൾ എന്നിവയാണ് സ്വീകരിക്കുക. കോട്ടൺ തുണികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.ഇത്തരത്തിൽ ശേഖരിക്കുന്ന തുണികൾ ഉപയോഗിച്ച് 9 മുതൽ 12 ഫോണുകൾ വരെ സൂക്ഷിക്കാവുന്ന മൊബൈൽ ഫോൺ പൗച്ചുകൾ നിർമ്മിക്കുന്നത് കുടുംബശ്രീ യൂണിറ്റുകളാണ്. ജില്ലയിലെ 3,148 ബൂത്തുകൾക്കുമായി ഏകദേശം 3,200 പൗച്ചുകളാണ് നിർമ്മിക്കുവാനാണ് ലക്ഷ്യമിടുന്നത്.

# ഉമ തോമസ് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു



**കൊച്ചി:** തൃക്കാക്കര നിയോജകമണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി ഉമ തോമസ് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. രാവിലെ 10 ന് കാക്കനാട് ഇന്ദിരാഭവനിൽ നിന്നും യു.ഡി.എഫ് നേതാക്കൾക്കും പ്രവർത്തകർക്കുമൊപ്പം ജാഥയായി സിവിൽ സ്റ്റേഷനിൽ എത്തി, വരണാധികാരിയായ ജില്ലാ ലേബർ ഓഫീസർ എം. ജയശ്രീയുടെ മുമ്പാകെയാണ് പത്രിക നൽകിയത്.

കൊള്ളക്കാരുടെ സർക്കാരാണ് നിലവിലുള്ളതെന്നും സാധാരണ ജനങ്ങൾക്ക് ഒരു പരിഗണനയും അവർ നൽകുന്നില്ലെന്നും പത്രിക സമർപ്പിച്ച ശേഷം ഉമ തോമസ് പ്രതികരിച്ചു. ടീം യു.ഡി.എഫ് ഒരുമിച്ച് നിന്ന് പോരാടി തൃക്കാക്കരയിൽ വൻവിജയം സാധ്യമാക്കുമെന്നും അവർ ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഹൈബി ഈഡൻ എം.പി, കൊച്ചി മേയർ അഡ്വ. വി. കെ മിനിമോൾ, യു.ഡി.എഫ് നിയോജകമണ്ഡലം ചെയർമാൻ എം.എസ് അനിൽ കുമാർ, ഡി.സി.സി ഭാരവാഹികളായ നൗഷാദ് പല്ലച്ചി, ജോഷി പള്ളൻ, പി.ഡി മാർട്ടിൻ, സേവ്യർ തായങ്കരി, ബ്ലോക്ക് പ്രസിഡന്റുമാരായ റാഷിദ് ഉള്ളംപള്ളി (തൃക്കാക്കര), ആന്റണി പൈനുതറ (വൈറ്റില), യു.ഡി.എഫ് നേതാക്കളായ ഹംസ മൂലയിൽ, കെ.കെ അക്ബർ, ജിസൺ ജോർജ്, മണ്ഡലം പ്രസിഡന്റുമാർ, മറ്റു ഭാരവാഹികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ സ്ഥാനാർത്ഥിയെ അനുഗമിച്ചു

# വെളിയത്തുനാടും ആലങ്ങാടും സന്ദർശിച്ച് പി രാജീവ്



**കളമശ്ശേരി:** കളമശ്ശേരി മണ്ഡലത്തിലെ എൽ.ഡി.എഫ് സ്ഥാനാർത്ഥി പി. രാജീവ് ഇന്നലെ വെളിയത്തുനാടുള്ള സെന്റ് ജോസഫ്സ് കാർമൽഗിരി സെമിനാരിയിൽ നിന്നാണ് പ്രചരണമാരംഭിച്ചത്. റെക്ടർ ഫാ. ഫ്രാൻസിസ് മരോട്ടിക്കപ്പറമ്പിൽ, പ്രോറെക്ടർ ഫാ. സെബാസ്റ്റ്യൻ വില്ലുകുളം എന്നിവർക്കൊപ്പം പ്രഭാതഭക്ഷണത്തിന് ശേഷം ദെഹൂൺ വിദ്യാസഭയും പിന്നീട് അദ്ദേഹം സന്ദർശിച്ചു. കാർമൽഗിരിയിലെ കന്യാസ്ത്രികൾ രാജീവ് ഇടപെട്ട് ഏർപ്പെടുത്തിയ പെൻഷന് നന്ദി പറഞ്ഞു. തുടർന്ന് വെളിയത്തുനാട് പഞ്ചായത്തിലേക്ക് പോയ സ്ഥാനാർത്ഥി ഭവന സന്ദർശനം തുടർന്നു. തന്ത്രവിദ്യാപീഠം, ചാക്കോ ഹോംസ്, പടിഞ്ഞാറേ വെളിയത്തുനാട്ടിലെ സിമിലിയ ഹോമിയോ ലബോറട്ടറി, മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിച്ചിരിക്കുന്ന സ്നേഹതീരം, പോസിറ്റീവ് അസോസിയേഷന്റെ മേജർ റൈസ് പൗഡർ ഫാക്ടറി, യുസി കോളേജ് പരിസരം എന്നിവിടങ്ങളും സന്ദർശിച്ച് വെളിയത്തുനാട്ടിലെ പര്യടനം പൂർത്തിയാക്കി. വിധവകൾക്കും പെൺമക്കൾ മാത്രമുള്ള അമ്മമാർക്കുമായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന സ്നേഹവീട് പദ്ധതിയെക്കുറിച്ച് അദ്ദേഹം വോട്ടർമാരെ ഓർമിപ്പിച്ചു. ആവശ്യമുള്ളവർ ഈ പദ്ധതി ഉപയോഗപ്പെടുത്തുന്നതിൽ മടി കാണിക്കേണ്ടതില്ലെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് ആലങ്ങാട് പഞ്ചായത്തിലെത്തിയ അദ്ദേഹം 26ന് മുഖ്യമന്ത്രി മുഖ്യമന്ത്രി പങ്കെടുക്കുന്ന തെരഞ്ഞെടുപ്പ് യോഗം നടക്കുന്ന നീറിക്കോട് സഹകരണ ബാങ്ക് ഗ്രൗണ്ടിലെത്തി തയ്യാറെടുപ്പുകൾ വിലയിരുത്തി. പിന്നീട് ഉത്സവം നടക്കുന്ന ഏലൂർ നാറാണത്ത് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രപരിസരത്തെത്തിയും അദ്ദേഹം വോട്ടർമാരെ കണ്ടു. വൈകീട്ട് എൽഡിഎഫിന്റെ തൃപ്പൂണിത്തുറ മണ്ഡലം കൺവെൻഷനും രാജീവ് ഉദ്ഘാടനം ചെയ്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പ്രമേഹ പാദ രോഗ ചികിത്സയിൽ ശില്പശാല നടത്തി

**കൊച്ചി:** പ്രമേഹരോഗികളിലെ പാദ സംരക്ഷണത്തിലും അത്യാധുനിക ചികിത്സാ രീതികളിലും ആരോഗ്യപ്രവർത്തകർക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനായി കൊച്ചി അമൃത ആശുപത്രിയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. എൻഡോക്രൈനോളജി, ഡയബറ്റിക് ഫൂട്ട് സർജറി വിഭാഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ 'അമൃത ഡയബറ്റിക് ഫൂട്ട് സി.എം.ഇ 2026' എന്ന പേരിലാണ് പരിപാടി നടന്നത്. പ്രമേഹ പാദ രോഗ ചികിത്സ : പ്രായോഗിക സമീപനം എന്നതായിരുന്നു ഈ വർഷത്തെ പ്രമേയം.




വിവിധ ജില്ലകളിൽ നിന്നായി ഇരുന്നൂറിലധികം ഡോക്ടർമാർ ശില്പശാലയിൽ പങ്കെടുത്തു. രോഗം നേരത്തെ തിരിച്ചറിയുക, അണുബാധ നിയന്ത്രിക്കുക, അത്യാധുനിക മുറിവ് ചികിത്സാ രീതികൾ, കാലുകൾ മുറിച്ചുമാറ്റുന്നത് ഒഴിവാക്കാനുള്ള ശസ്ത്രക്രിയാ സാധ്യതകൾ എന്നിവയിൽ ദേശീയ-അന്തർദേശീയ വിദഗ്ധർ ക്ലാസുകൾ നയിച്ചു.

നഴ്സുമാർക്കും വൂണ്ട് കെയർ സ്റ്റാഫിനുമായി പ്രത്യേക പ്രായോഗിക പരിശീലനവും ഇതോടൊപ്പം നടന്നു. നെഗറ്റീവ് പ്രഷർ വൂണ്ട് തെറാപ്പി (NPWT), ലോക്കൽ ഓക്സിജൻ തെറാപ്പി, മുറിവുകൾ ഡ്രസ്സ് ചെയ്യുന്നതിലെ ശാസ്ത്രീയ രീതികൾ, പ്രമേഹരോഗികൾ ഉപയോഗിക്കേണ്ട പ്രത്യേക പാദരക്ഷകൾ എന്നിവയിൽ ഇവർക്ക് പ്രായോഗിക പരിശീലനം നൽകി. എൻഡോക്രൈനോളജി വിഭാഗവും ഡയബറ്റിക് ഫൂട്ട് സർജറി വിഭാഗവും ഏകോപിപ്പിച്ചുകൊണ്ടുള്ള അമൃതയിലെ ചികിത്സാ മാതൃക പ്രമേഹപാദ ചികിത്സയിൽ വലിയ മാറ്റങ്ങളാണ് കൊണ്ടുവരുന്നത്. ഹൈപ്പർബാറിക് ഓക്സിജൻ തെറാപ്പി (HBOT), സ്റ്റെം സെൽ തെറാപ്പി, ആന്റിബയോട്ടിക് ബീഡ് തെറാപ്പി, പ്ലേറ്റ്ലെറ്റ് റിച്ച് പ്ലാസ്മ (PRP) തുടങ്ങിയ നൂതന സൗകര്യങ്ങൾ ഉപയോഗിച്ച് അംഗവൈകല്യം ഒഴിവാക്കാനും രോഗികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും സാധിക്കുമെന്നതിന്റെ പല അനുഭവങ്ങളും ഡോക്ടർമാർ പങ്കുവെച്ചു.

ശില്പശാലയ്ക്ക് സംഘാടക സമിതി അംഗങ്ങളും, അമൃത ആശുപത്രിയിലെ ഡോക്ടർമാരുമായ ഡോ. ഹരീഷ് കുമാർ, ഡോ. വസന്ത നായർ, ഡോ. ഉഷ മേനോൻ, ഡോ. നിഷ ഭവാനി, ഡോ. മംഗളാനന്ദൻ. ടി.എസ്., ഡോ. പ്രവീൺ. വി.പി., ഡോ. വിവേക് ലക്ഷ്മൺ, ഡോ. നിത്യ എബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി.

# 37 ലക്ഷം സമ്മാന തുകയുള്ള ജെയിംസ് ഡൈസൺ അവാർഡിന് അപേക്ഷകൾ ക്ഷണിച്ചു

**കൊച്ചി:** ലോകം നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ആശയങ്ങൾ അവതരിപ്പിക്കാൻ കഴിയുന്ന ഡിസൈൻ, എഞ്ചിനീയറിംഗ് വിഷയങ്ങൾ പഠിക്കുന്ന സർവകലാശാല വിദ്യാർത്ഥികളിൽ നിന്നും അടുത്തിടെ ബിരുദം പൂർത്തിയാക്കിയവരിൽ നിന്നും 37 ലക്ഷം രൂപ ആഗോള സമ്മാനത്തുകയുള്ള ജെയിംസ് ഡൈസൺ അവാർഡ് 2026 ന് അപേക്ഷകൾ ക്ഷണിച്ചു.

ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ഡൈസൺ എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള ഡിസൈൻ, എഞ്ചിനീയറിംഗ് വിദഗ്ധരുടെ ദേശീയ ജഡ്ജിംഗ് പാനലുകൾ ഷോർട്ട് ലിസ്റ്റ് ചെയ്ത എൻട്രികൾ അവലോകനം ചെയ്യും. ദേശീയ വിജയികൾക്ക് 5000 പൗണ്ട് (6 ലക്ഷം രൂപ) സമ്മാനമായി ലഭിക്കും.

തുടർന്ന് സർ ജെയിംസ് ഡൈസൺ തെരഞ്ഞെടുക്കുന്ന ആഗോള വിജയികൾക്ക് ഏകദേശം 37 ലക്ഷം രൂപ വരുന്ന 30,000 പൗണ്ടും അവാർഡ് തുകയായി നൽകുന്നതായിരിക്കും. കൂടാതെ, സമ്മാനാർഹമായ കണ്ടുപിടുത്തങ്ങളെ അടുത്ത ഘട്ടത്തിലേക്ക് വളർത്താനുള്ള വേദിയും മാധ്യമ എക്സ്പോഷറിനും അവസരം ഒരുക്കുമെന്നും ഡൈസൺ സ്ഥാപകനായ സർ ജെയിംസ് ഡൈസൺ അറിയിച്ചു.

എൻട്രികൾ സ്വീകരിക്കുന്ന അവസാന തീയതി ഈ വർഷം ജൂലൈ 15. കൂടുതൽ വിവരങ്ങൾക്കും എൻട്രികൾ അയക്കുന്നതിനും www.jamesdysonaward.org ൽ ബന്ധപ്പെടുക.

# കേരളത്തിന്റെ സാംസ്കാരിക പ്രതിരോധമാണ് മലയാളഭാഷ : എൻ.എസ് മാധവൻ

**കൊച്ചി:** സംസ്ഥാനത്തെ 98 ശതമാനത്തോളം ആളുകളും ആശയവിനിമയത്തിനായി മലയാളം ഉപയോഗിക്കുന്നത് ഒരു സാംസ്കാരിക പ്രതിരോധം തീർക്കുന്നുണ്ടെന്ന് പ്രശസ്ത സാഹിത്യകാരൻ എൻ എസ് മാധവൻ പറഞ്ഞു. കൊച്ചി-മുസിരിസ് ബിനാലെയുടെ ഭാഗമായി സംഘടിപ്പിച്ച 'കേരളം, കേരള, കേരളം' എന്ന ശീർഷകത്തിലുള്ള ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



കേരളത്തിന്റെ ചരിത്രപരമായ പരിണാമം, ഭാഷയുടെ പങ്ക്, പ്രാചീന വ്യാപാര ശൃംഖലകൾ, തുടങ്ങിയ വിഷയങ്ങളാണ് ചർച്ചചെയ്തത്. കേരളത്തിന്റെ സ്വത്വ രൂപീകരണത്തിൽ മലയാളഭാഷ ഏകീകരണ ശക്തിയായി വർത്തിച്ചുവെന്ന് എൻ.എസ്. മാധവൻ ചൂണ്ടിക്കാട്ടി. പോർച്ചുഗീസ്, അറബിക്, സംസ്കൃതം തുടങ്ങിയ ഭാഷകളിൽ നിന്നുള്ള സ്വാധീനം ഉൾക്കൊണ്ടാണ് നൂറ്റാണ്ടുകളിലൂടെ മലയാളം പരിണമിച്ചത്. മേഖലയിലെ നിയമപരവും ഭരണപരവുമായ പദാവലികളിൽ ഗണ്യമായ ഭാഗം അറബിയിൽ നിന്നാണ് സ്വീകരിച്ചിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിദേശരാജ്യങ്ങളുമായുള്ള കേരളത്തിന്റെ ദീർഘകാല വ്യാപാര-സാംസ്കാരിക വിനിമയങ്ങൾ സംസ്ഥാനത്തിന്റെ ബഹുസ്വര സമൂഹത്തെ രൂപപ്പെടുത്താൻ സഹായിച്ചതായി ഡോ. സുനിൽ പി. ഇളയിടം അഭിപ്രായപ്പെട്ടു. പല സാമൂഹിക സൂചികകളിലും മുന്നിലാണെങ്കിലും, കുടുംബ ഘടനകൾ, ജാതി ശ്രേണികൾ, മതപരമായ വിഭജനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മനോഭാവങ്ങൾ ചില വിഭാഗങ്ങൾ ഇപ്പോഴും പുലർത്തുന്നുണ്ടെന്ന വൈരുദ്ധ്യവും അദ്ദേഹം ചൂണ്ടിക്കാട്ടി. എങ്കിലും, പ്രതിസന്ധികളുടെയോ വിവാദങ്ങളുടെയോ ഘട്ടങ്ങളിൽ കേരളം ഐക്യം പ്രകടിപ്പിക്കാറുണ്ടെന്നും 'കേരള സ്റ്റോറി' എന്ന സിനിമയ്ക്കെതിരായ പൊതുജന പ്രതിഷേധം ഇതിന് ഉദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു.

ആഗോള വ്യാപാര ശൃംഖലകളിൽ കേരളത്തിനുണ്ടായിരുന്ന ചരിത്രപരമായ സ്ഥാനത്തെക്കുറിച്ച് സാമ്പത്തിക ശാസ്ത്രജ്ഞൻ പി.കെ. മൈക്കൽ തരകൻ സംസാരിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന ഒരു വ്യാപാര കേന്ദ്രമായി അന്താരാഷ്ട്ര സമുദ്ര പാതകളുടെ മധ്യഭാഗത്ത് കേരളം നിലകൊണ്ടിരുന്നു. തുറമുഖങ്ങളിലൂടെ വാണിജ്യം അഭിവൃദ്ധി പ്രാപിക്കുന്ന ബഹുസാംസ്കാരിക സമൂഹങ്ങളെ കെട്ടിപ്പടുക്കാൻ കേരളത്തെ പ്രാപ്തമാക്കിയെന്നും അദ്ദേഹം വ്യക്തമാക്കി.

സമകാലിക കലയോടൊപ്പം സംസ്കാരം, ചരിത്രം, സമൂഹം എന്നിവയെക്കുറിച്ച് വിശകലനം ചെയ്യുന്ന ബിനാലെയുടെ വിപുലമായ സംവാദ പരിപാടികളുടെ ഭാഗമായാണ് ചർച്ച സംഘടിപ്പിച്ചത്.

# റെയിൽവെയുടെ ഭൂട്ടാൻ – നോർത്ത് ഈസ്റ്റ് സമ്മർ സ്പെഷ്യൽ ട്രെയിൻ ഏപ്രിൽ 25ന്

**കൊച്ചി:** ഇന്ത്യൻ റെയിൽവേയുടെ ഭാരത് ഗൗരവ് ട്രെയിനിന് കീഴിലുള്ള സൗത്ത് സ്റ്റാർ റെയിലും ഇന്ത്യയിലെ സ്വകാര്യ മേഖലയിലെ ആദ്യ സേവനദാതാവായ ടൂർ ടൈംസും ചേർന്ന് ഭൂട്ടാനിലേക്കും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കും സമ്മർ സ്പെഷ്യൽ ടൂർ സംഘടിപ്പിക്കുന്നു. ഏപ്രിൽ 25–ന് ആരംഭിക്കുന്ന, 14 ദിവസം നീളുന്ന യാത്രയിൽ സ്പെഷ്യൽ ടൂറിസ്റ്റ് ട്രെയിൻ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെയും ഭൂട്ടാനിലെയും പ്രമുഖ കേന്ദ്രങ്ങൾ സന്ദർശിക്കും. ഇതിനായി മൂന്ന് വ്യത്യസ്ത ടൂർ പാക്കേജുകളാണ് ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുള്ളതെന്ന് ടൂർ ടൈംസ് ഡയറക്ടർ വിഘ്നേഷ് അറിയിച്ചു.

ആദ്യത്തെ പാക്കേജിൽ ഗാങ്ടോക്, ഡാർജിലിങ്ങ് തുടങ്ങിയ നഗരങ്ങൾ ഉൾപ്പെടുമ്പോൾ രണ്ടാമത്തെ പാക്കേജിന്റെ ഭാഗമായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മനോഹര വിനോദസഞ്ചാര കേന്ദ്രങ്ങളായ ഗുവാഹത്തി, ഷില്ലോങ്ങ്, ചിറാപുഞ്ചി, മൗലിനോങ്, ഡൗകി എന്നിവിടങ്ങൾ സന്ദർശിക്കും. മൂന്നാമത്തെ പാക്കേജിൽ ഭൂട്ടാനിലെ തിമ്പു, പുനാഖ, പാറോ, ചെലെ ലാ പാസ് തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കാൻ അവസരം ലഭിക്കും. യാത്രയിലുടനീളം ഇൻഷുറൻസ്, ഹോട്ടലുകളിലെ താമസസൗകര്യം, കാഴ്ചകൾ കാണാൻ പോകുന്നതിനുള്ള വാഹനങ്ങൾ, പരിധികളില്ലാതെയുള്ള ദക്ഷിണേന്ത്യൻ വിഭവങ്ങൾ എന്നിവ ലഭിക്കും. ഇവ കൂടാതെ രാത്രി താമസം, കാഴ്ചകൾ കാണാൻ പോകുമ്പോൾ ലഗേജ് സുരക്ഷിതമായി സൂക്ഷിക്കാനുള്ള സൗകര്യം, എൽടിസി/എൽഎഫ്സി സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. മധുരയിൽ നിന്ന് പുറപ്പെടുന്ന ട്രെയിനിൽ തിരുവനന്തപുരം, കൊല്ലം, കായംകുളം, കോട്ടയം, എറണാകുളം, തൃശൂർ, ഒറ്റപ്പാലം, പാലക്കാട്, എന്നിവിടങ്ങളിൽ നിന്ന് യാത്രക്കാർക്ക് കയറാവുന്നതാണ്.

ഡാർജിലിങ് & ഗാങ്ടോക് പാക്കേജിൽ സ്ലീപ്പർ ക്ലാസ് 45950 രൂപ, തേർഡ് എസി 53300 രൂപ, സെക്കൻഡ് എസി 66500 രൂപ, ഫസ്റ്റ് എസി 72100 രൂപ നിരക്കുകളും നോർത്ത് ഈസ്റ്റ് പാക്കേജിൽ സ്ലീപ്പർ ക്ലാസ് 59350 രൂപ, തേർഡ് എസി 64350 രൂപ, സെക്കന്റ് എസി 74450 രൂപ, ഫസ്റ്റ് എസി 79950 രൂപ നിരക്കുകളും ഭൂട്ടാൻ പാക്കേജിൽ സ്ലീപ്പർ ക്ലാസ്സ് 76950 രൂപ, തേർഡ് എസി 83500 രൂപ, സെക്കന്റ് എസി 94950 രൂപ, ഫസ്റ്റ് എസി 97900 രൂപ എന്നിങ്ങനെയാണ് നിരക്കുകൾ. ബുക്കിംഗിനും മറ്റും വിവരങ്ങൾക്കും www.tourtimes.in സന്ദർശിക്കുകയോ 7305858585 എന്ന നമ്പറിൽ വിളിക്കുകയോ ചെയ്യുക.

# എ.ആർ. റഹ്മാൻ യമഹ മ്യൂസിക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ബ്രാൻഡ് അംബാസഡർ

**കൊച്ചി:** യമഹ മ്യൂസിക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ബ്രാൻഡ് അംബാസഡറായി സംഗീത സംവിധായകൻ എ.ആർ. റഹ്മാൻ. ഇന്ത്യൻ സംഗീതത്തെ അന്താരാഷ്ട്ര പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുള്ള വ്യക്തിയും അക്കാദമി അവാർഡ് ജേതാവും ആഗോളതലത്തിൽ ആദരിക്കപ്പെടുന്ന സംഗീതജ്ഞനുമായ എ.ആർ. റഹ്മാൻ, ബ്രാൻഡ് അംബാസഡറായി എത്തുന്നത് ഇന്ത്യയുടെ സംഗീത ആവാസവ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള യമഹ മ്യൂസിക് ഇന്ത്യയുടെ ദീർഘകാല ശ്രമങ്ങളിലെ സുപ്രധാന നാഴികക്കല്ലാണ്. ഇന്ത്യൻ പ്രതിഭയുടെ ആഗോള സാധ്യതകളെ പ്രതിഫലിപ്പിക്കുന്ന അദ്ദേഹത്തിന്റെ യാത്ര, ഇന്ത്യയിലെ സംഗീത സംസ്കാരത്തെ പരിപോഷിപ്പിക്കുകയെന്ന പ്രതിബദ്ധതയുമായി പ്രവർത്തിക്കുന്ന യമഹ മ്യൂസിക് ഇന്ത്യയുടെ കാഴ്ചപ്പാടുകളുമായി ചേർന്നുപോകുന്നവയാണെന്നും ആഗോള അംഗീകാരം അർഹിക്കുന്ന ഒന്നാണ് ഇന്ത്യയുടെ സമ്പന്നമായ സംഗീത പൈതൃകമെന്നും 'മെയ്ഡ് ഇൻ ഇന്ത്യ' സംരംഭത്തിലൂടെയും എ.ആർ. റഹ്മാനുമായുള്ള സഹകരണത്തിലൂടെയും, അടുത്ത തലമുറ സംഗീതജ്ഞരെ പ്രചോദിപ്പിക്കാനും ഇന്ത്യയിലുടനീളം മികച്ച സംഗീത വിദ്യാഭ്യാസം വ്യാപിപ്പിക്കാനുമാണ്




ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് യമഹ മ്യൂസിക് ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ യമമോട്ടോ ടകെറ്റോഷി പറഞ്ഞു.

'സംഗീതോപകരണങ്ങളുടെ നിർമ്മാതാക്കൾ എന്നതിനപ്പുറം, വർക്ക്ഷോപ്പുകൾ, സ്കൂളുകളിലും പ്രാദേശിക പ്രോഗ്രാമുകൾ എന്നിവയിലൂടെയെല്ലാം സംഗീത സമൂഹങ്ങളെ പരിപോഷിപ്പിക്കുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും എല്ലാ കലാകാരന്മാർക്കും സംഗീതം പ്രാപ്യമാക്കുക എന്ന ഞങ്ങളുടെ കാഴ്ചപ്പാടിനെ ഈ പങ്കാളിത്തം ശക്തിപ്പെടുത്തുന്നുവെന്നും സെയിൽസ് യൂണിറ്റ് മേധാവി റിയോജി മരുയാമ കൂട്ടിച്ചേർത്തു. എപ്പോഴും കൃത്യതയെയും വിശ്വാസ്യതയെയും ഉറപ്പുനല്കുന്നവരാണ് യമഹ. സംഗീത മികവും ഗുണനിലവാരവുമുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലും 'മെയ്ഡ് ഇൻ ഇന്ത്യ'യിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമായ യമഹയുമായി സഹകരിക്കുന്നതിൽ അഭിമാനമുണ്ട്, എന്റെ കെ എം മ്യൂസിക് കൺസർവേറ്ററിയിലും ദി സൺ ഷൈൻ ഓർക്കസ്ട്രയിലും വളർന്നുവരുന്ന യുവ പ്രതിഭകൾക്ക് ഏറെ പ്രയോജനം നൽകിയിട്ടുണ്ട് ഈ സംരംഭം. യുവ കലാകാരന്മാരെ പരിശീലിപ്പിക്കുകയും സംഗീത വിദ്യാഭ്യാസം ശക്തിപ്പെടുത്തുകയും ചെയ്താൽ, ഇന്ത്യൻ സംഗീതജ്ഞർക്ക് ആഗോള വേദിയിൽ ഏറെ മുന്നേറാൻ കഴിയുമെന്ന് എ.ആർ. റഹ്മാൻ അഭിപ്രായപ്പെട്ടു.

# ഇന്ത്യയിലെ ആദ്യ ഡിസിജിഐ അംഗീകൃത ജനറിക് സെമാഗ്ലൂടൈഡ് ഒബെഡ പുറത്തിറക്കി ഡോ. റെഡ്ഡീസ്

**കൊച്ചി :** ഡോ. റെഡ്ഡീസ് ലബോറട്ടറീസ് ഇന്ത്യയിൽ ടൈപ്പ് 2 പ്രമേഹ നിയന്ത്രണത്തിനായി ഉപയോഗിക്കുന്ന രാജ്യത്തെ ആദ്യ ഡിസിജിഐ അംഗീകൃത ജനറിക് സെമാഗ്ലൂടൈഡ് ഇഞ്ചക്ഷനായ 'ഒബെഡണ്ണ' അവതരിപ്പിച്ചു. ജിഎൽപി -1 റിസപ്റ്റർ അഗോണിസ്റ്റ് ചികിത്സാ വിഭാഗത്തിലേക്കുള്ള കമ്പനിയുടെ പ്രവേശനമായ ഈ മരുന്ന് 2 എംജി, 4 എംജി ശക്തികളിലുള്ള പ്രീ-ഫിൽഡ് പേൻ രൂപത്തിൽ ലഭ്യമാണ്. പ്രതിവാരം ഒരിക്കൽ നൽകുന്ന ഈ മരുന്നിന്റെ മാസച്ചെലവ് 4,200 ആണ്.

312 പേരെ ഉൾപ്പെടുത്തി നടത്തിയ ഫേസ്-III ക്ലിനിക്കൽ പഠനത്തിൽ, ഒബെഡണ്ണ നവോത്ഥാന മരുന്നിനോടു തുല്യമായ ഫലപ്രാപ്തിയും സുരക്ഷയും തെളിയിച്ചു. ഇന്ത്യയിലെ ഉയർന്ന പ്രമേഹബാധിതരുടെ സാഹചര്യത്തിൽ, ഈ മരുന്ന് കൂടുതൽ ആളുകൾക്ക് പ്രാപ്യമാകുമെന്ന് കമ്പനി അറിയിച്ചു.

# കെ എം എ ഗ്രീൻ പാംസ് സസ്റ്റേനബിലിറ്റി അവാർഡിന് നാമനിർദ്ദേശം ക്ഷണിച്ചു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷന്റെ മുത്തൂറ്റ് ഫിൻകോർപ് കെ എം എ ഗ്രീൻ പാംസ് സസ്റ്റൈനബിലിറ്റി അവാർഡ്സ് നാലാം പതിപ്പിനുള്ള നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു. പരിസ്ഥിതി, സാമൂഹിക ഉത്തരവാദിത്വം, ഭരണ സംവിധാനം (ഇ എസ് ജി) എന്നിവയിലും കോർപറേറ്റ് സാമൂഹിക ഉത്തരവാദിത്വം (സി എസ് ആർ) ഉള്ള ബിസിനസ് പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ ചെയ്യുന്ന സ്ഥാപനങ്ങളെ ആദരിക്കുന്ന വേദിയാണ് ഈ അവാർഡ്. സസ്റ്റൈനബ്ൾ എന്റർപ്രൈസ് (ലാർജ് ആന്റ് മീഡിയം), ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക ഉൾക്കൊള്ളൽ, പരിസ്ഥിതി തുടങ്ങിയവയിൽ മികച്ച സി എസ് ആർ പ്രൊജക്ട്, എൻ ജി ഒ, സസ്റ്റൈനബ്ൾ സ്റ്റാർട്ടപ്പ്, സസ്റ്റൈനബ്ൾ ഗ്ലോബൽ കേപബിലിറ്റി സെന്റർ, ഉത്പന്നങ്ങളിലും സേവനങ്ങളിലും സസ്റ്റൈനബ്ൾ ഇന്നൊവേഷൻ എന്നീ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുക.

അപേക്ഷകൾ ഏപ്രിൽ 3ന് മുമ്പായി സമർപ്പിക്കണം. ഏപ്രിൽ 22ന് വൈകിട്ട് അഞ്ച് മണിക്ക് കൊച്ചി മറൈൻ ഡ്രൈവ് താജ് വിവാന്തയിൽ നടക്കുന്ന പരിപാടിയിൽ പു രസ്ക്കാരങ്ങൾ സമ്മാനിക്കും. ടാറ്റ ട്രസ്റ്റ്സ് സി ഇ ഒ സിദ്ധാർത്ഥ് ശർമ്മ മുഖ്യാതിഥിയായിരിക്കും. പ്രമുഖ അന്താരാഷ്ട്ര ജൂറിയാണ് അവാർഡുകൾ വിലയിരുത്തുന്നത്. കൂടുതൽ വിവരങ്ങൾക്കും സഹായത്തിനും കേരള മാനേജ്മെന്റ് അസോസിയേഷനുമായി ബന്ധപ്പെടാവുന്നതാണ്.

# ശ്രീലങ്കൻ ആഭ്യന്തര യുദ്ധത്തിന്റെ തീക്ഷ്ണതയും വേദനയും അവതരിപ്പിച്ച് വിനോജ തർമ്മലിംഗം കൊച്ചി ബിനാലെയിൽ





**കൊച്ചി:** വെല്ലിംഗ്ടൺ ഐലൻഡ് വെയർ ഹൗസിലെ ബിനാലെ വേദിയിൽ ഏറ്റവും അറ്റത്തായി കിടക്കുന്ന ബോട്ടും ട്രാക്റ്ററും അങ്ങോട്ടു കടക്കുമ്പോൾ തന്നെ കണ്ണിലുടക്കും. കലാപ്രതിഷ്ഠയുടെ അടുത്തേക്ക് എത്തുമ്പോൾ അതുവരെ പരിചയിച്ചതിൽ നിന്നും വ്യത്യസ്തമായ ഒരു ആവാസവ്യവസ്ഥയിലേക്ക് നീങ്ങുന്നതു പോലെയാണ് തോന്നുന്നത്. കടൽവഞ്ചി, ട്രാക്ടർ, തെങ്ങു തടി കൊണ്ടുള്ള നിർമ്മിതി.

സ്വന്തം മണ്ണിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട ജീവിതങ്ങളെക്കുറിച്ച് ശ്രീലങ്കൻ കലാകാരി വിനോജ തർമ്മലിംഗത്തിന്റെ 'മൈ ലാസ്റ്റ് ബ്രെത്ത് വിത്ത് ഓൾ മൈ ബേർഡൻസ്' (2025) എന്ന കലാപ്രതിഷ്ഠ സന്ദർശകരെ പിടിച്ചിരുത്തുന്നതാണ്. ആഭ്യന്തര യുദ്ധകാലത്ത് ശ്രീലങ്കയിലെ മുല്ലൈത്തീവിൽ മനുഷ്യർ അനുഭവിച്ച പേടിസ്വപ്നങ്ങളും പോരാട്ടങ്ങളുമാണ് കലാസൃഷ്ടിയിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനു പുറമെ 'എ ലാൻഡ് വോവൻ വിത്ത് ദി ത്രെഡ്സ് ഓഫ് മെമ്മറീസ്' (2025) എന്ന വസ്ത്രകലാരൂപവും വിനോജ പ്രദർശിപ്പിക്കുന്നുണ്ട്.

മൂന്ന് പതിറ്റാണ്ടോളം നീണ്ടുനിന്ന ശ്രീലങ്കൻ ആഭ്യന്തര യുദ്ധകാലത്തെ ദുരിതപൂർണ്ണമായ ജീവിതത്തെയും 2009-ലെ മുല്ലിവൈക്കൽ വംശഹത്യയുടെ നടുക്കുന്ന ഓർമ്മകളെയുമാണ് സൃഷ്ടികൾ പ്രതിനിധീകരിക്കുന്നത്. ഏകദേശം ഒരു ലക്ഷത്തോളം പേരുടെ ജീവൻ കവർന്നെന്ന് കണക്കാക്കുന്ന ആ കൂട്ടക്കൊലയുടെയും കൊടിയ പീഡനങ്ങളുടെയും മുറിവുകൾ അതിജീവിച്ചവരുടെ മനസ്സിൽ ഇന്നും മായാതെ നിൽക്കുന്നുവെന്ന് വിനോജ പറയുന്നു.

അക്കാലത്ത് ജീവിതം എന്നത് ഒരു ബങ്കറിൽ നിന്ന് മറ്റൊന്നിലേക്കുള്ള യാത്രയായിരുന്നു. പുറത്ത് എന്തെങ്കിലും ശബ്ദം കേട്ടാൽ ഉടൻ ഒളിച്ചിരിക്കുകയും, പിന്നീട് രഹസ്യമായി പുറത്തുവന്ന് ഭക്ഷണം പാകം ചെയ്യുകയും ചെയ്യേണ്ടി വന്ന ഇരുണ്ട കാലമായിരുന്നു. കൊച്ചിയെപ്പോലെ തന്നെ സുന്ദരമായ കടൽത്തീരങ്ങളും കാടുകളും കായലുകളും കൃഷിയിടങ്ങളുമുള്ള സ്ഥലമായിരുന്നു തന്റെ നാടെന്നും ആ പ്രകൃതിയെ യുദ്ധം എങ്ങനെയാണ് തകർത്തതെന്നും വിനോജ ഓർമ്മിപ്പിക്കുന്നു.

മണൽ വിരിച്ച തറയിൽ ചരിഞ്ഞുകിടക്കുന്ന ബോട്ടുകൾ ഉപയോഗിച്ചാണ് അവർ ബങ്കർ ഇവിടെ ഒരുക്കിയിരിക്കുന്നത്. സാധാരണ സമയങ്ങളിൽ മീൻപിടിക്കാൻ ഉപയോഗിക്കുന്ന ബോട്ടുകൾ അപകടം വരുമ്പോൾ മണ്ണിൽ കുഴിച്ചിട്ട് ബങ്കറുകളാക്കി മാറ്റുന്ന രീതിയാണത്. മറ്റൊരു വശത്ത് നെല്ല് നിറച്ച ചാക്കുകളുമായി നിൽക്കുന്ന ഒരു ട്രാക്ടർ ട്രോളിയും അതിന് താഴെ മണൽചാക്കുകളും സാരികളും കൊണ്ട് മറച്ച ബങ്കറും കാണാം. ഇന്ധനം തീരുന്നതുവരെ ആ ട്രാക്ടറിൽ സഞ്ചരിക്കുകയും അത് നിലയ്ക്കുമ്പോൾ അതിനടിയിൽ അഭയം തേടുകയും ചെയ്ത മനുഷ്യരുടെ നിസ്സഹായാവസ്ഥയാണിത്.

ഉചിതമായ അന്ത്യകർമ്മങ്ങൾ പോലും ഇല്ലാതെ ഈ ബങ്കറുകൾക്കുള്ളിൽ അടക്കം ചെയ്യപ്പെട്ട വയോധികരുടെയും മുറിവേറ്റവരുടെയും കഥകൾ കൂടി ഈ സൃഷ്ടി പങ്കുവെക്കുന്നു. തന്റെ അമ്മയിൽ നിന്ന് പഠിച്ച തുന്നൽ വിദ്യയാണ് പലായനത്തിന്റെയും വേദനയുടെയും കഥകൾ പറയാൻ വിനോജ ഉപയോഗിച്ചിരിക്കുന്നത്.

തന്റെ മൂന്നാമത്തെ സൃഷ്ടി മേൽക്കൂരയില്ലാത്ത ഇരു അഭയസ്ഥാനമാണ്. തെങ്ങിൻ തടി കുത്തനെ കുത്തി നിറുത്തിയിരിക്കുന്നു. കേരളത്തെപ്പോലെ തന്നെ പനകളും തെങ്ങുകളും നിറഞ്ഞ സുന്ദരമായ സ്ഥലമായിരുന്നു മുല്ലിവൈക്കൽ എന്നും എന്നാൽ യുദ്ധത്തിൽ അതെല്ലാം കത്തിനശിച്ചുവെന്നും അവർ പറയുന്നു. കശ്മീരിലും പാകിസ്ഥാനിലും പ്രചാരത്തിലുള്ള 'നംദ' കലാരൂപത്തെ അനുസ്മരിപ്പിക്കുന്ന രീതിയിൽ ബാൻഡേജുകൾ, മനുഷ്യന്റെ മുടി, തുണി, കയറുകൾ എന്നിവ ഉപയോഗിച്ചാണ് തന്റെ ടെക്സ്റ്റൈൽ ആർട്ട് അവർ ഒരുക്കിയിരിക്കുന്നത്. ഇത് വെറുമൊരു കലയല്ല, മറിച്ച് യുദ്ധത്തിന്റെ കെടുതികളുടെ നിശബ്ദ സാക്ഷ്യമാണ്. അനീതിക്കെതിരായ പോരാട്ടമായും സമാധാനത്തിനായുള്ള ആഹ്വാനമായും ഈ സൃഷ്ടിയെ പ്രതീകവത്കരിക്കുകയാണെന്നും വിനോജ കൂട്ടിച്ചേർത്തു.

# അന്താരാഷ്ട്ര ആർബിട്രേഷൻ മൂട്ട് കോർട്ട് മത്സരം: നുവാൽസ് ഒന്നാമത്



*നുവാൽസ് വിദ്യാർഥിനികളായ സുദർശന സുനിൽ, പവിത്ര പ്രമോദ്, റിയ ഡെന്നിസ് എന്നിവർ ഒന്നാം സമ്മാനം ലഭിച്ച ഒരു ലക്ഷം രൂപയുടെ ചെക്കുമായി.*

**കൊച്ചി:** രാമയ്യ അന്താരാഷ്ട്ര മൂട്ട് ആൻഡ് ആർബിട്രേഷൻ കോൺഫറൻസിന്റെ ഭാഗമായി രാമയ്യ കോളേജ് ഓഫ് ലോ സംഘടിപ്പിച്ച അന്താരാഷ്ട്ര ആർബിട്രേഷൻ മൂട്ട് കോർട്ട് മത്സരത്തിൽ കൊച്ചി നുവാൽസ് (നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്) ഒന്നാം സ്ഥാനം നേടി. ഹിൽട്ടൺ ബംഗളൂരു എംബസി മന്യതാ ബിസിനസ് പാർക്കിലായിരുന്നു മത്സരം. എസൈഡ്ബി & പാർട്ട്ണേഴ്സ്, സിഎംഎസ് ഇൻഡസ് ലോ, ഇൻറർനാഷണൽ ആർബിട്രേഷൻ ആൻഡ് മീഡിയേഷൻ സെന്റർ, ജ്യൂറിസ്ഫിയർ എഐ എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടെയായിരുന്നു മത്സരം.

നാലാം വർഷ വിദ്യാർഥിനിയായ സുദർശന സുനിൽ, രണ്ടാം വർഷ വിദ്യാർഥിനികളായ പവിത്ര പ്രമോദ്, റിയ ഡെന്നിസ് എന്നിവരടങ്ങുന്ന സംഘമാണ് ഒന്നാം സ്ഥാനം നേടിയത്. വിജയികൾക്ക് ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസ് ലഭിച്ചു. ശ്രീലങ്ക മുൻ ചീഫ് ജസ്റ്റിസ് മോഹൻ പീരിസ് വിജയികൾക്ക് സമ്മാനം കൈമാറി. മഹാരാഷ്ട്ര നാഷണൽ ലോ യൂണിവേഴ്സിറ്റി മത്സരത്തിൽ രണ്ടാം സ്ഥാനം നേടി.

